82 /DGE /HSE /NSS /2021

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
നാഷണൽ സർവ്വീസ് സ്കീം,
(ഹയർ സെക്കൻററി വിഭാഗം),
ഹൗസിംഗ് ബോർഡ് ബിൽഡിംഗ് ,
ശാന്തി നഗർ, തിരുവനന്തപുരം.
04712323023
dhsensskerala@gmail.com
തീയതി : 23 / 10 / 2021

# സർക്കുലർ

സൂചന : എൻ.എസ്.എസ്. ഹയർ സെക്കന്ററി വിഭാഗം ഉപദേശകസമിതി തീരുമാനം 2021-22
തീയതി 22/09/2021

## സ്വാശ്രയ എൻ.എസ്.എസ്. യൂണിറ്റിന് അപേക്ഷ ക്ഷണിക്കുന്നു

ഗവണ്മെന്റ് /എയ്ഡഡ്/ അംഗീകൃത അൺ എയ്ഡഡ് ഹയർ സെക്കൻററി സ്കൂളുകളിൽ ഈ അധ്യയനവർഷം (2021-22) മുതൽ സ്വാശ്രയ എൻ.എസ്.എസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകൾ പ്രോഗ്രാം കോ-ഓഡിനേറ്റർ, എൻ.എസ്.എസ്. സെൽ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കൻററി വിഭാഗം, ഹൗസിംഗ് ബോർഡ് ബിൽഡിംഗ് , ശാന്തി നഗർ, തിരുവനന്തപുരം - 695001 എന്ന വിലാസത്തിൽ 2021 നവംബർ 10 ന് 5 മണിക്ക് മുമ്പായി ലഭിക്കേണ്ടതാണ്. എൻ.എസ്.എസ് യൂണിറ്റുകൾക്കായി മുമ്പ് നൽകിയ അപേക്ഷകൾ പരിഗണിക്കുന്നതല്ല. മാർഗ്ഗ നിർദ്ദേശങ്ങളും അപേക്ഷാഫോറത്തിന്റെ മാതൃകയും ചുവടെ ചേർക്കുന്നു.

ഡോ. ജേക്കബ് ജോൺ
പ്രോഗ്രാം കോ - ഓർഡിനേറ്റർ

## മാർഗ്ഗ നിർദ്ദേശങ്ങൾ

1. ഗവൺമെന്റ്/എയ്ഡഡ്/അംഗീകൃത അൺഎയ്ഡഡ് വിദ്യാലയങ്ങൾക്ക് എൻഎസ്എസ് യൂണിറ്റിന് അപേക്ഷ നൽകാവുന്നതാണ്.(Annexure –A)

2. യൂണിറ്റ് ലഭിച്ചു കഴിഞ്ഞാൽ കുറഞ്ഞത് 6 വർഷം തുടർച്ചയായി പ്രവർത്തിച്ചു കൊള്ളാമെന്ന് പ്രിൻസിപ്പൽ സത്യവാങ്മൂലം സമർപ്പിക്കണം..(Annexure –B)

3. വിദ്യാലയത്തിന് എൻഎസ്എസ് യൂണിറ്റ് ലഭിച്ചു കഴിഞ്ഞാൽ സാമൂഹിക പ്രതിബദ്ധതയിൽ താൽപര്യമുള്ള അധ്യാപകൻ/അധ്യാപിക പ്രോഗ്രാം ഓഫീസറായി ചുമതല ഏൽക്കേണ്ടതും തുടർച്ചയായി മൂന്ന് വർഷം സേവനമനുഷ്ഠിക്കേണ്ടതുമാണ്. (സ്കൂൾ ട്രാൻസ്ഫർ ഒഴികെ).

4. പുതിയ യൂണിറ്റുകളിൽ ആദ്യവർഷം +1 ലെ 50 വിദ്യാർത്ഥികൾക്ക് മാത്രമേ എൻഎസ്എസ് യൂണിറ്റിൽ വോളണ്ടിയർ ആയി സേവനം അനുഷ്ഠിക്കാൻ കഴിയുകയുള്ളൂ.

5. സ്വാശ്രയ എൻഎസ്എസ് യൂണിറ്റുകൾക്ക് പ്രവർത്തന ചെലവ് ഇപ്രകാരം കണ്ടെത്താം.

1. പിറ്റിഎ ഫണ്ട്

   OR

2. സിഎസ്ആർ ഫണ്ട് (Corporate Social Responsibility Fund)

   OR

3. പഞ്ചായത്ത്/മറ്റ് ഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവരുടെ സ്പോൺസർഷിപ്പ് തുടങ്ങിയവ

   OR

4. എൻഎസ്എസിൽ ചേരുന്ന വോളണ്ടിയർമാരിൽ നിന്നും ഒന്നാം വർഷം റെഗുലർ ആക്ടിവിറ്റിക്കായി 250 രൂപയും സ്പെഷ്യൽ ക്യാമ്പിനായി 450 രൂപയും രണ്ടാം വർഷ വോളണ്ടിയർമാരിൽ നിന്ന് റെഗുലർ ആക്ടിവിറ്റിക്കായി 250 രൂപയും വാങ്ങാവുന്നതാണ്. (ഇതിനു വിരുദ്ധമായി പ്രവർത്തിച്ചാൽ യൂണിറ്റ് റദ്ദാക്കുന്നതാണ്. )

6. റെഗുലർ ആക്ടിവിറ്റിയിൽ നിന്ന് ഒരു വിദ്യാർത്ഥിക്ക് 30 രൂപ ക്രമത്തിൽ വർഷം 3000 രൂപ പ്രോഗ്രാം കോ- ഓഡിനേറ്റർ,എൻ എസ്എസ്, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം എന്ന പേരിൽ ഡിഡി ആയി യൂണിറ്റ് അനുവദിച്ചതിനുശേഷം എൻഎസ്എസ് സെല്ലിൽ നൽകേതാണ്. (യൂണിറ്റ് തുടങ്ങുന്ന വർഷം 1500 രൂപ 50 x Rs. 30=1500) റെഗുലർ ആക്ടിവിറ്റി - 100 x Rs.250 = Rs. 25000/ (യൂണിറ്റ് ആരംഭിക്കുന്ന വർഷം- 50 x 250 = 12500/-) സ്പെഷ്യൽ ക്യാമ്പ് - 50x Rs. 450= Rs. 22500/- പ്രിൻസിപ്പലിന്റെയും പ്രോഗ്രാം ഓഫീസറുടെയും പേരിലുള്ള ജോയിന്റ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് എൻഎസ്എസ് പ്രവർത്തനങ്ങൾക്ക് മാത്രമായി ഉണ്ടായിരിക്കേതാണ്.

7. എൻറോൾമെന്റ് ലിസ്റ്റ് സമർപ്പിക്കുന്ന സമയത്ത് എൻഎസ്എസ് ബാങ്ക് അക്കൗണ്ടിൽ നിശ്ചിത തുക ഉണ്ടായിരിക്കേതാണ്. അതോടൊപ്പം പാസ്ബുക്കിന്റെ അറ്റസ്റ്റഡ് കോപ്പി എൻഎസ്എസ് സെല്ലിൽ സമർപ്പിക്കേതാണ്.

8. ഒരു വിദ്യാലയത്തിൽ ഒരു എൻഎസ്എസ് യൂണിറ്റിൽ കൂടുതൽ അനുവദിക്കുന്നതല്ല.

9. സാമ്പത്തികം ഒഴികെ നിലവിലെ എൻഎസ്എസ് യൂണിറ്റുകൾക്ക് ലഭിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ സ്വാശ്രയ എൻഎസ്എസ് യൂണിറ്റുകൾക്കും ലഭ്യമാകുന്നതാണ്.നിലവിൽ സർക്കാർ നിയമം അനുസരിച്ച് പ്രവർത്തിക്കുന്ന എൻഎസ്എസ് യൂണിറ്റുകളുടെ പ്രവർത്തനം/ഭരണകാര്യം തുടങ്ങിയവ സ്വാശ്രയ എൻഎസ്എസ് യൂണിറ്റുകൾക്കും ബാധകമായിരിക്കും.

10. ഈ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി വിദ്യാർത്ഥികളിൽ നിന്നോ മറ്റ് തരത്തിലോ ഫണ്ട് സ്വീകരിക്കുന്നതായി ശ്രദ്ധയിൽപെട്ടാൽ യൂണിറ്റ് റദ്ദു ചെയ്യുന്നതായിരിക്കും.

11. എല്ലാ വിദ്യാലയത്തിലും എൻഎസ്എസ് യൂണിറ്റിന് സ്വന്തമായി ഓഫീസ് റൂം ഉണ്ടായിരിക്കണം.

12. പ്രോഗ്രാം ഓഫീസർമാർക്കുള്ള ട്രെയിനിങ്ങിൽ നിർബന്ധമായും പങ്കെടുക്കേതാണ്. കൂടാതെ ഹയർ സെക്കണ്ടറി എൻഎസ്എസ് നടത്തുന്ന ക്യാമ്പുകൾ, പഠന ക്ലാസ്സുകൾ, ശിൽപശാല, ജില്ലാ സംസ്ഥാന പരിപാടികൾ എന്നിവയിലും പങ്കെടുക്കേണ്ടതാണ്.

13. റെഗുലർ ആക്ടിവിറ്റി, സ്പെഷ്യൽ ക്യാമ്പിന്റെ ഏപ്രിൽ 1 മുതൽ മാർച്ച് 31 (യൂണിറ്റ് ആരംഭിക്കുന്ന വർഷം മാത്രം ആരംഭിച്ച ദിവസം മുതൽ മാർച്ച് 31 വരെ) വരെയുള്ള ചാർട്ടഡ് അക്കൗണ്ടന്റ് ആഡിറ്റ് നടത്തിയ റിപ്പോർട്ട് എൻഎസ്എസ് സെല്ലിൽ ലഭ്യമാക്കേതാണ്. (വിശദാംശങ്ങൾ അതാത് സമയം സർക്കുലറിലൂടെ അറിയിക്കുന്നതാണ്.)

14. എൻഎസ്എസ് പ്രവർത്തനങ്ങൾ സാമൂഹിക സന്നദ്ധ പ്രവർത്തനമാണ്. സന്നദ്ധ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയാണ് പദ്ധതികൾ/പരിപാടികൾ നടത്തുന്നത്. പണപ്പിരിവോ/എൻഎസ്എസിന് നിരക്കാത്ത തരത്തിൽ ഫണ്ട് ശേഖരണമോ ഉണ്ടായാൽ യാതൊരു കാരണവശാലും ആ യൂണിറ്റിനെ തുടർന്ന്പ്രവർത്തിക്കുന്നതിന് അനുവദിക്കുന്നതല്ല .

15. എൻ എസ്എസ് യൂണിറ്റിന്റെ ഉദ്ഘാടനം എൻഎസ്എസ് സെല്ലിൽ അറിയിക്കേണ്ടതും അനുമതി വാങ്ങേണ്ടതുമാണ്. യൂണിറ്റ് ലഭിച്ചു കഴിഞ്ഞാൽ 30 ദിവസത്തിനകം ഉദ്ഘാടനം സംഘടിപ്പിക്കേണ്ടതാണ്. ഉദ്ഘാടന ചടങ്ങിൽ എൻ.എസ്.എസിന്റെ ഔദ്യോഗിക പ്രതിനിധികൾ ഉണ്ടായിരിക്കണം.

16. എൻ.എസ്. എസ് യൂണിറ്റിന്റെ ഉദ്ഘാടന ചടങ്ങ് എൻഎസ്എസിന്റെ മാത്രം പരിപാടി ആയിരിക്കണം. മറ്റ് ക്ലബ്ബുകൾ/സംഘടനകൾ തുടങ്ങിയവരുടെ പരിപാടികളുമായി സംയുക്ത മായി സംഘടിപ്പിക്കുവാൻ പാടുള്ളതല്ല.

17. സംസ്ഥാന/ജില്ല/മേഖല തല പരിപാടികളിൽ പ്രോഗ്രാം ഓഫീസർ/വോളണ്ടിയർമാർ തുട ങ്ങിയവർ പങ്കെടുക്കാതിരുന്നാൽ ഗുരുതര വീഴ്ചയായി കണക്കാക്കുകയും തുടർന്നുള്ള യൂണി റ്റിന്റെ പ്രവർത്തനത്തെ ബാധിക്കുന്നതാണ്.

18. എൻഎസ്എസ് യൂണിറ്റിനായി അപേക്ഷ സമർപ്പിക്കുമ്പോൾ പ്രോഗ്രാം ഓഫീസർ ആയി ചാർജ് ഏറ്റെടുക്കാൻ സമ്മതപത്രം നൽകുന്ന അധ്യാപകൻ/അധ്യാപിക മൂന്നുവർഷം തുടർച്ച യായി ചാർജ്ജ് വഹിക്കേതാണ്. യൂണിറ്റ് ലഭിച്ചു കഴിഞ്ഞാൽ പകരം ചാർജ് മറ്റൊ രാൾക്ക് നൽകുവാൻ പാടില്ല.

# <u>Annexure (B)</u>

## NATIONAL SERVICE SCHEME
## HIGHER SECONDARY EDUCATION, KERALA
## APPLICATION FOR SELF –FINANCING NSS UNITS

Name of District :

Name of School, School Code, Phone No& Email ID:

Name of Principal, Phone No. & Email ID :

School Category(Government/Aided/Unaided) :

Whether Institution already has Regular NSS units :

Proposed Source/Scale of funding of NSS Activities/ Programmes :

Year of Starting Higher Secondary :

Number of Batches

| Science | Commerce | Humanities |
|---|---|---|
| | | |

School Situated Area : Rural Urban Tribal Coastal

No.of Teachers : Male Female Total

Name, Phone number & email id of teacher who willing to take NSS charge:

School having : NCC

YES / NO

SPC

YES / NO

Remarks:

Date: Name and Signature of Principal (With Seal)

# Annexure (B)

## സമ്മതപത്രം

.................................................................ജില്ലയിൽ...............................................................വില്ലേജിൽ

...................................................................................പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ

പരിധിയിൽ സ്ഥിതി ചെയ്യുന്ന......................................................................................................... സ്കൂളിലെ

മാനേജർ, പ്രിൻസിപ്പൽ, പി.റ്റി.എ പ്രസിഡന്റ് എന്നിവർ സംയുക്തമായി നൽകുന്ന സമ്മതപത്രം. സ്വാശ്രയ എൻഎസ്എസ് യൂണിറ്റ് അനുവദിച്ചാൽ 6 വർഷം തുടർച്ചയായി പ്രവർത്തിച്ചു കൊള്ളാമെന്ന് മാർഗ്ഗ നിർദ്ദേശങ്ങളിലുള്ള നിബന്ധനകൾക്ക് വിപരീതമായി പ്രവർത്തിക്കുകയില്ലെന്നും അങ്ങനെ പ്രവർത്തിക്കുകയാണെങ്കിൽ സ്കൂളിലെ എൻഎസ്എസ് യൂണിറ്റിന്റെ നടത്തിപ്പ് നിർത്തുന്നതുൾപ്പെടെയുള്ള നടപടികൾക്ക് വിധേയരാകാമെന്നും ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

| | | |
|---|---|---|
| സ്കൂൾ മാനേജർ(പേര്): | ഒപ്പ്: | ഫോൺ നമ്പർ: |
| പ്രിൻസിപ്പൽ (പേര്) : | ഒപ്പ്: | ഫോൺ നമ്പർ: |
| പി.റ്റി.എ.പ്രസിഡന്റ് (പേര്): | ഒപ്പ്: | ഫോൺ നമ്പർ: |

തീയതി:

സ്കൂൾ സീൽ